LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

30 (*30) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കേണ്ടത്, വിശദമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനുള്ള ടെൻഡർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ,

(എ) 2009 ഡിസംബറിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനി രൂപീകരിച്ചു. പദ്ധതിക്കുവേണ്ടി ഏറ്റെടുക്കാനുദ്ദേശിച്ച 2200 ഏക്കർ ഭൂമിയിൽ 1278.89 ഏക്കർ ഭൂമി സർക്കാരിനുവേണ്ടി റവന്യൂ ഡിപ്പാർട്ട്മെന്റും സർക്കാരിന്റെ നോഡൽ ഏജൻസിയായ കിൻഫ്രയും ഒന്നും രണ്ടും ഘട്ടങ്ങളിൽ ഏറ്റെടുത്തു. മൂന്നാം ഘട്ട സ്ഥലമെടുപ്പിന്റെ ഭാഗമായി ഏറ്റെടുക്കേണ്ടിയിരുന്ന 785 ഏക്കറിൽ ഇതുവരെയായി 612.12 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. ബാക്കിവരുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

റൺവേ നിർമ്മാണത്തിനുവേണ്ടി അടിയന്തരമായി ഏറ്റെടുക്കേണ്ടിവന്ന 11.44 ഏക്കർ ഭൂമിയിൽ 10.52 ഏക്കർ ഭൂമി കിയാൽ നേരിട്ട് ഏറ്റെടുത്തു. എമർജൻസി റോഡിനുവേണ്ടി 40 സെന്റ് ഭൂമി ഏറ്റെടുക്കാനുള്ള ജോലികൾ നടന്നുവരുന്നു. റൺവേ 3400 മീറ്റർ നീട്ടാനുള്ള സർവ്വേ പൂർത്തിയാക്കി.

കണ്ണൂർ എയർപോർട്ടിന്റെ മൂലധന സമാഹരണം ത്വരിതപ്പെടുത്തുന്നതിന് 4-4-2012-ൽ കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് പ്രൊമോഷൻ സൊസൈറ്റി (കിയാസ്പ്) രൂപീകരിച്ചു.

എയ്കോം ഏഷ്യാകമ്പനിയെയും അവരുടെ സാമ്പത്തിക പങ്കാളികളായ ക്രിസിലിനെയും കണ്ണൂർ എയർപോർട്ടിന്റെ പ്രോജക്ട് കൺസൾട്ടൻസിയായി 2012 നവംബറിൽ നിയമിച്ചു.

എയർപോർട്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ റൺവേ എയർസൈഡ് പ്രവർത്തികൾക്ക് 694 കോടി രൂപയുള്ള കരാർ 25-11-2013-നും ടെർമിനൽ ബിൽഡിംഗ് ഉടങ്ങിയ നിർമ്മാണ പ്രവൃത്തികൾ 498.70 കോടി രൂപയുള്ള കരാർ 25-6-2014-ന് ലാർസൺ & ടൂബ്രോ കമ്പനിക്ക് നൽകുകയും പ്രവർത്തികൾ നടന്നുവരികയുമാണ്. ഇതുവരെയായി ഏകദേശം 60% പണികൾ പൂർത്തിയായി.

വായ്പ ഇനത്തിലുള്ള 892 കോടി രൂപ സമാഹരിക്കുന്നതിന് ബാങ്കുകളുമായി ധാരണാപത്രം 21-5-2015-ന് ഒപ്പുവച്ചു. (കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളുടെ കൺസോർഷ്യം.)

എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുമായി 100 കോടി രൂപയുള്ള ധാരണാപത്രം 24-7-2015-ൽ ഒപ്പുവച്ചു. 100 കോടി രൂപയ്ക്കുടി എയർപോർട്ട് അതോറിറ്റിക്ക് ഓഹരി അനുവദിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

മെറ്റീരിയോളജിക്കൽ സർവ്വീസിനുവേണ്ടി മെറ്റീരിയോളജിക്കൽ വകപ്പുമായി ധാരണാപത്രം ഒപ്പുവച്ചു.

എ.ടി.എഫ്. എയർക്രാഫ്റ്റ് ഫ്യൂവൽ ഫാം നടത്തുന്നതിനുള്ള ബി.പി.സി.എൽ. - കിയാൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിച്ചു ബാക്കിയുള്ള നിർമ്മാണ പ്രവർത്തികളായ ലിഫ്റ്റ്, എസ്കലേറ്റർ, ഫയർ ടെണ്ടർ തുടങ്ങിയവയുള്ള വർക്ക് അവാർഡ് ചെയ്തു. വാണിജ്യാടിസ്ഥാനത്തിൽ എയർപോർട്ട് 2016 മധ്യത്തോടുകൂടി പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) DGCA clearance, Customs clearance, Wireless planning and co-ordination clearance communication, CISF Deployment clearance എന്നിവ ലഭ്യമാകണം.

(സി) ഇ.പി.സി.-1 കരാറിനുള്ള RFQ 2013 ജനുവരി 21-ന് കിയാൽ ബോർഡ് അംഗീകാരം നൽകി. റൺവെ, ടാക്സിവേ, ഏപ്രൺ അനുബന്ധ സൗകര്യങ്ങളായ സബ് സ്റ്റേഷൻ, സി.സി.ആർ. ബിൽഡിംഗ്, ഫയർ സ്റ്റേഷൻ, ചുറ്റുമതിൽ, ഓവുചാൽ, നിലവിലുള്ള റോഡിൽനിന്നുള്ള പ്രധാന കവാടം, കാർ പാർക്കിംഗ് മുതലായവയുടെ പ്രവർത്തിക്കുവേണ്ടി 22 ജനുവരി 2013-ന് RFQ പ്രസിദ്ധീകരിച്ചു. 2013 നവംബർ 5-ന് സാമ്പത്തിക ബിഡ് തുറക്കുകയും ഏറ്റവും കുറഞ്ഞ കരാർ തുക (694 കോടി രൂപ) രേഖപ്പെടുത്തിയ എൽ & ടി-ക്ക് 2013 നവംബർ 5-ന് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. പ്രവൃത്തി 65% പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സിറ്റിസൈഡ് പ്രവൃത്തിക്കുവേണ്ടി ഡിസൈൻ ചെയ്ത നിർമ്മാണ രൂപരേഖ പാക്കേജ് എ യോഗ്യതാ പരിശോധനയ്ക്കുവേണ്ടി കിയാൽ ബോർഡ് 2014 ഫെബ്രുവരി 3-ന് അംഗീകാരം നൽകി. യോഗ്യതയ്ക്കായുള്ള അഭ്യർത്ഥന മൊത്തം സിറ്റിസൈഡ് പ്രവൃത്തികൾ ഉൾപ്പെടുത്തി 2014 ഫെബ്രുവരി 5-ന് പ്രസിദ്ധീകരിച്ചു. ഈ പാക്കേജിൽ ഇന്റഗ്രേറ്റഡ് ടെർമിനൽ ബിൽഡിംഗ്, എ.ടി.സി. ടവർ, ടെക്നിക്കൽ ബിൽഡിംഗും ഇ & എം ഉപകരണങ്ങളും മറ്റ് പ്രധാന സേവനങ്ങളുമാണ്. ആർ.എഫ്.ക്യു., ആർ.എഫ്.പി. മുതലായ നടപടികൾക്കുശേഷം ഏറ്റവും കുറഞ്ഞ തുകയായ 498 കോടി രൂപ ക്വാട്ട് ചെയ്ത് ബിഡ് സമർപ്പിച്ച ലാർസൺ & ടൂബ്രോ കമ്പനിക്ക് 2014 ജൂൺ 25-ന് വർക്ക് അവാർഡ് ചെയ്തു. പ്രവൃത്തി 50% പൂർത്തിയായി.

മറ്റ് പ്രവൃത്തികളായ ലിഫ്റ്റ്, എലിവേറ്റർ, എസ്കലേറ്റർ, ഫയർ ടെണ്ടർ മുതലായവയുടെ ടെണ്ടർ അവാർഡ് ചെയ്തുകഴിഞ്ഞു.*

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

1 (1) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ഓരോ ജില്ലയിലും പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി ഓരോ ജില്ലയിലും പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.

തീരുമാനം എടുക്കാനുള്ള ഫയലുകൾ

2 (2) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ.എം.മാണി രാജി വച്ച് ഒഴിയുമ്പോൾ, അദ്ദേഹത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടിട്ടുണ്ടായിരുന്ന എത്ര ഫയലുകളിൽ തീരുമാനം എടുക്കാൻ ബാക്കി നിൽപ്പുണ്ടായിരുന്നു ;

(ബി) രാജി വച്ച ദിവസവും തലേ ദിവസവും അതിന് ശേഷവും എത്ര ഫയലുകളിൽ മന്ത്രി തീരുമാനങ്ങൾ എടുക്കുകയുണ്ടായി ; തീരുമാനം എടുക്കാതെ തിരിച്ചയച്ച ഫയലുകൾ എത്ര ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്